## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2766.** **12.02.2019 ൽ മറുപടിയ്ക്ക്**

## വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി മുക്ത കേരളം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വിമുക്തി മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ; | (എ) | മദ്യ- മയക്കമരുന്ന്- പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക എന്നിവയാണ് വിമുക്തി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുകയാണ് വിമുക്തി മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിജയത്തിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ബി) | "വിമുക്തി" മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടു കൂടി സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. തദ്ദേശ സ്വയം |

| | | | |
|---|---|---|---|
| | | | ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി സ്കൂൾ കോളേജ് വിദ്യാർഥികൾക്കായി ക്വിസ്സ്, ചിത്രരചന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പുമായി സഹകരിച്ച് തീരദേശമേഖലകൾ കേന്ദ്രീകരിച്ച് വിവിധങ്ങളായ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പുകൾ, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി സഹകരിച്ച് കൊണ്ട് ആദിവാസിമേഖലകൾ കേന്ദ്രീകരിച്ച് ആദിവാസി യുവാക്കൾക്ക് തൊഴിൽ പരിശീലനം, പി.എസ്.സി. പരീക്ഷാ പരിശീലനം, ആദിവാസിയുവാക്കളുടെ കലാ കായിക ടീമുകൾ രൂപീകരിക്കൽ, ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകൽ എന്നിങ്ങനെ വിവിധങ്ങളായ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**